# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3855

21.06.2019 ൽ മറുപടിക്ക്

### കേന്ദ്ര-സംസ്ഥാന പൊതുമേഖലാ സംയുക്ത സംരംഭങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ.എസ്.ശബരീനാഥൻ :** | | **ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളുമായി സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ സംയുക്ത സംരംഭങ്ങളിൽ ഏർപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) & (ബി) | ഉണ്ട്. 2011 ൽ കെ.എം.എം.എൽ ഉം വി.എസ്.എസ്.സി യും ഡി.ആർ.ഡി.ഒ യും സംയുക്തമായി ചേർന്ന് 500 MT ഉൽപാദന ശേഷിയുള്ള ടൈറ്റാനിയം സ്പോഞ്ച് പ്ലാന്റ് കമ്മീഷൻ ചെയ്തിട്ടുണ്ട്. |
| ബി) | ഉണ്ടെങ്കിൽ പ്രസ്തുത സംയുക്ത സംരംഭങ്ങൾ ലക്ഷ്യമിട്ടിരുന്ന വികസന പ്രവർത്തനങ്ങൾ പൂർണ്ണമായും നടപ്പിലാക്കുവാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ്;വ്യക്തമാക്കാമോ; | | കേരള സർക്കാരിനും സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയ്ക്കും (SAIL) തുല്യപങ്കാളിത്തമുള്ള സംയുക്ത സംരംഭമാണ് SAIL-SCL Kerala Ltd (SSKL). കമ്പനിയുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി 65 കോടിയോളം രൂപ മുതൽ മുടക്കി സ്റ്റീൽ റോളിംഗ്മിൽ 2015 ൽ പ്രവർത്തനമാരംഭിച്ചെങ്കിലും നിലവിലുള്ള സ്റ്റീൽ മെൽറ്റിങ്ങ് യൂണിറ്റിന്റെ പ്രവർത്തനം ലാഭകരമല്ല എന്ന കാരണത്താൽ സ്റ്റീൽ റോളിംഗ്മിൽ മാത്രം പ്രവർത്തിപ്പിച്ചുവെങ്കിലും വളരെ കുറഞ്ഞ ഉൽപാദനക്ഷമത മാത്രമുണ്ടായിരുന്ന സ്റ്റീൽ റോളിംഗ് മില്ലും 2016 ഡിസംബർ മുതൽ പ്രവർത്തനം നിർത്തി, കമ്പനി പൂർണ്ണമായും പ്രവർത്തനരഹിതമായി. സെയിലിൽ നിന്നും ബില്ലെറ്റ് ലഭ്യമാക്കിയായിരുന്നു സ്റ്റീൽ റോളിംഗ് മിൽ പ്രവർത്തിച്ചിരുന്നതെങ്കിലും ബില്ലെറ്റ് കൊണ്ടുവരുന്നതിനുള്ള ഭീമമായ ട്രാൻസ്പോർട്ടേഷൻ ചെലവുകൾ മൂലം സ്റ്റീൽ റോളിംഗ് മില്ലും പ്രവർത്തിക്കുവാൻ സാധിക്കാതായി. <br><br> സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ നടത്തുന്ന എല്ലാ നിർമ്മാണ പ്രവർത്തനങ്ങൾക്കും ആവശ്യമായിവരുന്ന കമ്പിയുടെ 30% SSKL നിർമ്മിക്കുന്ന കമ്പിതന്നെ വാങ്ങണമെന്ന പുതുക്കിയ |

| | | | |
|---|---|---|---|
| | | | സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുവാൻ തത്വത്തിൽ തീരുമാനിച്ചിരുന്ന വിഷയം പൊതുമരാമത്ത് വകുപ്പിന്റെ അഭിപ്രായം കൂടി പരിശോധിച്ചതിനു ശേഷം തുടർ നടപടികൾ കൈക്കൊള്ളുന്നതിനായി വ്യവസായ വകുപ്പ് പരിശോധിച്ചു വരുന്നു.<br>ട്രാൻസ്ഫോമേഴ്സ് & ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ്, കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ നാഷണൽ തെർമൽ പവർ കോർപ്പറേഷനുമായി 23.06.2007 ൽ ഒപ്പിട്ട കരാറിൻെറ അടിസ്ഥാനത്തിലാണ് സംയുക്ത സംരംഭം നിലവിൽ വന്നത്. ഈ കരാർ അനുസരിച്ചുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾ ‘ടെൽക്കി‘ൽ (TELK) നടന്നിട്ടില്ല. എന്നാൽ ടെക്നോളജി പാർട്ട്ണറെ കണ്ടെത്തുവാനും അതു വഴി ആധുനികവൽക്കരണ നവീകരണ പദ്ധതികൾ നടപ്പിലാക്കുന്നതിനുമുള്ള ശ്രമങ്ങൾ നടന്നു കൊണ്ടിരിക്കുന്നു. 2016-17 മുതൽ കമ്പനി തുടർച്ചയായി ലാഭത്തിൽ പ്രവർത്തിച്ചുവരികയാണ്.<br>കാസർഗോഡ് ജില്ലയിലെ ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ്-കേരളാ ഇലക്ട്രിക്കൽ ആൻഡ് ആലൈഡ് എഞ്ചിനീയറിംഗ് കമ്പനിയും ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡുമായി ചേർന്നുള്ള സംയുക്ത സംരംഭമാണ്. ഭെലിൻെറ ഓഹരികൾ വിറ്റഴിക്കുന്നതിനായി കേന്ദ്രസർക്കാർ തീരുമാനിച്ചപ്പോൾ സ്ഥാപനത്തെ പൊതുമേഖലയിൽ തന്നെ നിലനിർത്തുന്നതിനു ബഹു.മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 12.06.2017നു ചേർന്ന ഉന്നതതല യോഗം തത്വത്തിൽ തീരുമാനിക്കുകയും തുടർനടപടികൾക്കായി ചീഫ്സെക്രട്ടറി ചെയർമാനായി ഉന്നതതല കമ്മിറ്റിരൂപീകരിച്ച് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| **(സി)** | ആലപ്പുഴയിലെ കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വിപണി വിപുലീകരിക്കുന്നതിനും എച്ച്.എൽ.എൽ.ലൈഫ് കെയറുമായി ചേർന്ന് സംയുക്ത സംരംഭം ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വിജയപ്രദമാണോ; വിശദമാക്കുമോ; | **(സി)** | ആരംഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ പാലക്കാട്ടുള്ള ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് സർക്കാർ ഏറ്റെടുത്തശേഷം ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ; | (ഡി) | കേന്ദ്ര സർക്കാർ സ്വകാര്യവത്ക്കരിക്കുവാൻ തീരുമാനിച്ച കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റിനെ സംസ്ഥാന സർക്കാർ ഏറ്റെടുക്കുവാൻ തീരുമാനിച്ച് ഇതിന്റെ ആസ്തിവില തീരുമാനിക്കുന്നതിനും സ്ഥാപനം ഏറ്റെടുക്കുന്നതിനുമായി ചീഫ്സെക്രട്ടറി ചെയർമാനായി ഒരു ഉന്നതതല സമതി രൂപീകരിക്കുകയും ചെയ്തിരുന്നു.<br><br>പ്രസ്തുത ഉന്നതല സമിതി നിരവധി തവണ യോഗം ചേരുകയും സ്ഥാപനത്തിന്റെ 31/3/2017വരെയുള്ള സാമ്പത്തിക / നിയമ അവലോകന റിപ്പോർട്ടിന്റേയും കേന്ദ്ര സർക്കാർ സ്ഥാപനമായ ഫെഡൊയുടെ സാങ്കേതിക വില നിർണ്ണയ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ ഇൻസ്ട്രുമെന്റേഷൻ, പാലക്കാടിന്റെ നിലവിലെ ആസ്തികൾ 53.02 കോടി രൂപയ്ക്ക് വാങ്ങുന്നതിന് തീരുമാനിക്കുകയും അതിനുള്ള സർക്കാർ ഉത്തരവ് G.O.(MS). No.52/2018/ID തീയതി, 20/7/2018 പുറപ്പെടുവിക്കുകയും ചെയ്തു. ഇൻസ്ട്രുമെന്റേഷൻ കേരളാ ലിമിറ്റഡ് എന്ന പേരിൽ പുതിയ കമ്പനി രൂപീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>വൻകിട വ്യവസായങ്ങളുടെ കേന്ദ്ര ജോയിന്റ് സെക്രട്ടറിയും വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും കേന്ദ്ര/കേരള സർക്കാറുകളുടെ നിർദ്ദേശങ്ങളും കൂടി പരിഗണിച്ച് തയ്യാറാക്കിയ കരട് ധാരണപത്രം കേന്ദ്ര സർക്കാറിന്റെ അന്തിമ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു.<br><br>എന്നാൽ കേരള സർക്കാർ സൗജന്യമായി നൽകിയ 123 ഏക്കർ സ്ഥലത്തിന്റെ വില കൂടി വേണമെന്ന കേന്ദ്ര സർക്കാരിന്റെ നിലവിലെ ആവശ്യം ഏറ്റെടുക്കൽ നടപടികളെ മന്ദഗതിയിലാക്കി. ഇത് പരിഹരിച്ച് ഏറ്റെടുക്കൽ പൂർത്തീയാക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ പുരോഗമിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ഇ) | പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കൂടുതൽ കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളുടെ സംയുക്ത സംരംഭത്തിനും സഹകരണത്തിനും സാധ്യത തേടുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (ഇ) | അനുയോജ്യമായ മേഖലകളിൽ കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുന്നത് പരിശോധിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**